ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ഭൂമി, പെരിന്തൽമണ്ണ ഗവൺമെന്റ് പോളിടെക്നിക്കിന്റെ ഭാവി വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായി വരുന്നതാണോ എന്ന് പരിശോധിച്ചശേഷം ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

തൃക്കരിപ്പൂർ നടക്കാവ് പോളിടെക്നിക്ക് കോളേജിലെ കെട്ടിടം പണി

119 (1148) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃക്കരിപ്പൂർ നടക്കാവ് പോളിടെക്നിക്ക് കോളേജിലെ കെട്ടിടങ്ങളുടെ മുടങ്ങിക്കിടക്കുന്ന പണി എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

തൃക്കരിപ്പൂർ നടക്കാവ് പോളിടെക്നിക്ക് കോളേജിലെ ഹോസ്റ്റൽ കെട്ടിടങ്ങളുടെയും ജീവനക്കാരുടെ ക്വാർട്ടേഴ്സിന്റെയും മുടങ്ങിക്കിടന്ന നിർമ്മാണ പ്രവൃത്തിയുടെ പുതുക്കിയ ഭരണാനുമതി 6-12-2014-ലെ ജി.ഒ.(ആർ.ടി.) നമ്പർ 2893/2014/H.Edn. ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി ലഭിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു എന്നും സാങ്കേതികാനുമതി ലഭിച്ച് ടെൻഡർ നടപടി പൂർത്തീകരിച്ചാൽമാത്രമേ പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുകയുള്ളുവെന്നും പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുണ്ട്.

ചടയമംഗലം മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള ദുരിതാശ്വാസ പ്രവൃത്തികൾ

120 (1149) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചടയമംഗലം മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള വെള്ളപ്പൊക്ക ദുരിതാശ്വാസം, വരൾച്ച ദുരിതാശ്വാസം എന്നീ ഇനങ്ങളിലുള്ള വിവിധ പ്രവൃത്തികൾ ഏതെല്ലാമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

വെള്ളപ്പൊക്കം, വരൾച്ച ദുരിതാശ്വാസ പ്രവൃത്തികൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ അനുവദിക്കാറില്ല.

LIBRARY ARCHIVES Kerala Legislative Assembly